പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4828.

18.12.2014 ൽ മറുപടിക്ക്

പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ;

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി പൊതുവിതരണ ശൃംഖലയിലൂടെ കുറഞ്ഞ നിരക്കിൽ ഭക്ഷ്യ സാധനങ്ങൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കരിഞ്ചന്തയും, പൂഴ്ത്തിവയ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കാനിടയുള്ള സാഹചര്യങ്ങളെ മുൻകൂട്ടിക്കണ്ട് അതിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ റേഷൻ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും റേഷനിംഗ് ഇൻസ്പെക്ടർമാരും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. കൂടാതെ ഭക്ഷ്യോപദേശക വിജിലൻസ്

സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. റേഷൻസാധനങ്ങളുടെ നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, എഫ്.സി.ഐ.യിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള ആഗ്രഹത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയ എസ്.എം.എസ്. അലർട്ട് സംവിധാനമായ FMPDS (Food grain Movement for effective Public Distribution System) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് അർഹമായ അളവിലും തൂക്കത്തിലും ഭക്ഷ്യസാധനങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാർ വീട് വീടാന്തരം റേഷൻ കാർഡുകൾ പരിശോധിക്കുകയും റേഷൻകടകളിലെ രജിസ്റ്ററുമായി ഒത്തുനോക്കി റേഷൻ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായും കംപ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇവയെല്ലാം തന്നെ കരിഞ്ചന്ത തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നു.

(ബി) നിലവിൽ എ.പി.എൽ, ബി.പി.എൽ വിഭാഗക്കാർക്ക് റേഷൻ കടകൾ വഴി ലഭ്യമാകുന്ന അവശ്യവസ്തുക്കളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എ.പി.എൽ. കാർഡുടമകൾക്ക് 10 കി.ഗ്രാം അരി 8.90 രൂപാ നിരക്കിലും 1 കി.ഗ്രാം ഗോതമ്പ് കിലോഗ്രാമിന് 6.70 രൂപ നിരക്കിലും കാർഡൊന്നിന് 2 കി. ഗ്രാം ആട്ട കിലോഗ്രാമിന് 15 രൂപാ നിരക്കിലും പ്രതിമാസം നല്കുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കിലോഗ്രാം അരി കിലോഗ്രാമിന് 2/- രൂപാ നിരക്കിൽ നൽകുന്നു. ബി.പി.എൽ. കാർഡുടമകൾക്ക് കിലോഗ്രാമിന് 1 രൂപാ നിരക്കിൽ 25 കി.ഗ്രാം അരിയും 2 രൂപ നിരക്കിൽ 7 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന്

13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നല്കുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1/- രൂപാ നിരക്കിൽ 35 കി.ഗ്രാം അരിയും, കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നല്കുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നു. എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും 1/2 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ നല്കുന്നു

| | | | |
|---|---|---|---|
| (സി) | വിലക്കയറ്റം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നിലവിൽ റേഷൻകടകളിലൂടെ നൽകി വരുന്ന സാധനങ്ങളോടൊപ്പം പലവ്യഞ്ജനങ്ങളും കൂടി സബ്സിഡി നിരക്കിൽ നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഇക്കാര്യം പരിഗണിക്കുന്നതിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ